# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1936   17.03.2015-ൽ മറുപടിയ്ക്ക്**

**കളമശ്ശേരി, കടകംപള്ളി ഭൂമിതട്ടിപ്പ് കേസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. സി. കെ. സദാശിവൻ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| (എ) കളമശ്ശേരി, കടകംപള്ളി ഭൂമിതട്ടിപ്പ് കേസ്സിൽ സസ്പെൻഡ് ചെയ്യപ്പെട്ടവരെത്ര ; അവരിൽ ആരെയെങ്കിലും സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) കളമശ്ശേരി ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് കണയന്നൂർ അഡീഷണൽ തഹസിൽദാരായിരുന്ന ശ്രീമതി. സി. ആർ. കൃഷ്ണകുമാരി, തൃക്കാക്കര നോർത്ത് വില്ലേജാഫിസറായിരുന്ന ശ്രീ. കെ. എസ്. സാബു എന്നിവരെയും, കടകംപള്ളി ഭൂമി തട്ടിപ്പുമായി ബന്ധപ്പെട്ട് കടകംപള്ളി വില്ലേജാഫിസറായിരുന്ന ശ്രീ. പി. എൻ. സുബ്രഹ്മണ്യൻ പിള്ളയേയും സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിരുന്നു. ഇവരിൽ ശ്രീമതി. സി. ആർ. കൃഷ്ണകുമാരിയെ പുനഃപ്രവേശിപ്പിച്ചിട്ടുണ്ട്. |
| (ബി) തട്ടിപ്പുമായി ബന്ധപ്പെട്ട രേഖകളും തെളിവു കളും നശിപ്പിക്കപ്പെട്ടതായുള്ള വാർത്തകൾ ശരിയാണോ ; ഇക്കാര്യം സി.ബി.ഐ. യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ; | (ബി) കേസുകളുമായി ബന്ധപ്പെട്ട രേഖകളും തെളിവുകളും നശിപ്പിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കടകംപള്ളി, കളമശ്ശേരി ഭൂമി തട്ടിപ്പ് കേസുകളിൽ റവന്യൂ സെക്രട്ടറി നടത്തിയ അന്വേഷണത്തിന്റെ ഭാഗമായി പിടിച്ചെടുത്ത രേഖകൾ തുടരന്വേഷണത്തിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് നൽകിയിരുന്നതും ആയത് സി.ബി.ഐ. അന്വേഷണത്തിലേക്കും ലഭ്യമാക്കിയിട്ടുള്ളതാണ്. |
| (സി) അന്വേഷണസംഘത്തിനാവശ്യമായ എന്തെല്ലാം സഹായങ്ങൾ സർക്കാർ നൽകിയിട്ടുണ്ട് ? | (സി) കേസന്വേഷണത്തിനായി തിരുവനന്തപുരത്തും എറണാകുളത്തും ക്യാമ്പ് ഓഫീസ്, ഫർണിച്ചർ, വാഹനങ്ങൾ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, ജീവനക്കാരുടെ സേവനം എന്നിങ്ങനെ സി.ബി.ഐ. ആവശ്യപ്പെട്ട സൗകര്യങ്ങൾ നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ